
കേരളീയം, കൊക്കാലെ, തൃശൂർ–680021
e-mail: mailkeraleeyam@gmail.com, 0487 2421385

# ശാസ്ത്രം മനുഷ്യകുലത്തിന് വേണ്ടി




'ജൈവകൃഷി ആരെയാണ് അലോസരപ്പെടുത്തുന്നത്?' എന്ന കേരളീയം ലക്കം (2015 സെപ്തംബർ) എന്നെ അത്ഭുതപ്പെടുത്തി. ഇതുവരെ നിർത്താറായില്ലേ ഈ സംവാദം. ഒട്ടും ശാസ്ത്രബോധമില്ലാത്ത, നൈതികതയും ധാർമ്മികതയും ജീവിതത്തിൽ പരിചിതമല്ലാത്ത കുറേപ്പേർ, അഹോരാത്രം കഷ്ടപ്പെട്ട് കുറേ വാദങ്ങൾ നിരത്തുന്നു. മറുപടി പോലും അർഹിക്കാത്തതാണ് അത്തരം വാദങ്ങൾ. കേരളീയത്തിന്റെ ഒരു ദശാബ്ദക്കാലത്തെ വായനക്കാരി എന്ന സ്വാതന്ത്ര്യത്തിൽ പറയട്ടെ, ഇത്തരം യാതൊരു സാധുതയുമില്ലാത്ത ചർച്ചകൾക്കുള്ളതല്ല കേരളീയത്തിന്റെ, ജനങ്ങൾക്ക് വേണ്ടിയുള്ള രാഷ്ട്രീയത്തിന്റെ ചൂരും ചൂടുമുള്ള ജനായത്ത ഇടം. കൈക്കോട്ടുപോലും കണ്ടിട്ടില്ലാത്തവർ കാർഷിക സർവ്വകലാശാലകളുടെ പരീക്ഷണശാലകളിൽ അരങ്ങുവാഴുകയാണ്. കൃഷിക്കുവേണ്ടിയുള്ള വിഭവങ്ങൾ കർഷകരിൽ നിന്നും കൊള്ളയടിക്കുമ്പോൾ ഒരു പ്രതിഷേധം പോലും ഉയരാത്ത നാവുകൾ നവമുതലാളിത്ത ഇടങ്ങളിൽ വിടുപണി ചെയ്യുകയാണ്. ജൈവകൃഷിക്കെതിരായ പ്രചരണങ്ങൾ ഔദ്യോഗിക ശാസ്ത്രലോകത്തിന്റേതാണു പോലും. ഒരു മൂന്നാംകിട മഞ്ഞപ്പത്രം പോലും അറയ്ക്കും അത്തരം ജനവിരുദ്ധ കൃഷി ഗീർവാണങ്ങൾ പ്രസിദ്ധീകരിക്കാൻ.

'ഔദ്യോഗിക ശാസ്ത്രലോക'ത്തിന്റെ ഭാഗത്താണെന്ന് സ്വയം അവകാശപ്പെടുന്ന ഇവരുടെ യുക്തിയിൽ, പ്രവർത്തിയിൽ നിന്നും ശാസ്ത്രത്തിന്റെ അർത്ഥം പോലും വ്യക്തമായി മനസ്സിലാക്കിയിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. ഈ ജൈവമണ്ഡലത്തിലുൾപ്പെട്ട സഹജീവികളെ...നിങ്ങളുടെ അടിസ്ഥാന യുക്തിപോലുമില്ലാത്ത കള്ളപ്രചരണങ്ങൾ മറുപടി അർഹിക്കുന്നുണ്ടോ? ജാഗ്രതയുടെ കേരളീയം സത്യത്തിനുള്ളതാണ്. ജൈവകൃഷിക്കെതിരായ കള്ളപ്രചരണങ്ങൾക്ക് മറുപടി പറയാൻ മാസികയുടെ പൊതുഇടം നീക്കിവയ്ക്കണോ എന്നതിൽ കേരളീയം പത്രാധിപ സമിതി പുനരാലോചന നടത്തണം.

**വാണി. വി, ഹരിപ്പാട്, ആലപ്പുഴ**

## ഇടപെടൽ ഫലപ്രദമായി

'ജൈവകൃഷി ആരെയാണ് അലോസരപ്പെടുത്തുന്നത്?' എന്ന കേരളീയം ലക്കത്തിലെ (2015 സെപ്തംബർ) നാല് പ്രതികരണങ്ങളും നന്നായി. ജൈവകൃഷിക്കെതിരെ മറ്റ് പല പ്രസിദ്ധീകരണങ്ങളിലും വന്ന, ശാസ്ത്രീയമെന്ന് തോന്നാവുന്ന അബദ്ധങ്ങളെ ഈ ലേഖനങ്ങൾ നന്നായി ഖണ്ഡിക്കുന്നുണ്ട്. കെ.പി. ഇല്യാസിന്റെ പ്രതികരണം എടുത്തുപറയേണ്ടതുണ്ട്. ജൈവകൃഷി മേഖലയിൽ ഇടപെടുന്ന ആക്ടിവിസ്റ്റുകൂടി ആയതിനാൽ അദ്ദേഹത്തിന്റെ വാദങ്ങൾ യുക്തിഭദ്രവും വ്യക്തവുമായി.

**കെ.വി. ബിജു, ചേർപ്പ്, തൃശൂർ**

## വധശിക്ഷയ്ക്കെതിരെ ഹർത്താൽ
### നവംബർ 11ന്
### വധശിക്ഷാ നിരോധന വിളംബര ദിനത്തിൽ

രാജ്യത്ത് വധശിക്ഷ നിർത്തൽ ചെയ്യണമെന്നും, വധശിക്ഷയ്ക്കെതിരെ നിയമസഭ പ്രമേയം പാസാക്കണമെന്നും, തടവുകാരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ട് നവംബർ 11ന് സംസ്ഥാനത്ത് ഹർത്താൽ നടത്തുന്നു. തിരുവിതാംകൂറിൽ 1944 നവംബർ 11ന് വധശിക്ഷ നിരോധിക്കപ്പെട്ട കേരളീയ പാരമ്പര്യം ഉണർത്തിക്കൊണ്ടാണ് പ്രസ്തുത ദിനത്തിൽതന്നെ വിധശിക്ഷാ വിരുദ്ധ ഹർത്താൽ നടത്താൻ തീരുമാനിച്ചത്. സമീപകാലത്ത് രാജ്യത്ത് നടപ്പാക്കപ്പെട്ട വധശിക്ഷകൾ വിശേഷിച്ചും ഭരണകൂട ശക്തികൾ രാഷ്ട്രീയവും വർഗ്ഗീയവുമായി വധശിക്ഷ ഉപയോഗിക്കുന്നതിന്റെ ഏറ്റവും ക്രൂരമായ ഉദാഹരണങ്ങളാണ്. രാജ്യത്ത് കാലാകാലങ്ങളായി ഈ ശിക്ഷാമുറയ്ക്ക് വിധേയരാകുന്നവരിൽ തൊണ്ണൂറ്റൊമ്പത് ശതമാനവും സാമൂഹ്യ സാമ്പത്തിക പുറമ്പോക്കുകാരും പിന്നോക്കക്കാരും ന്യൂനപക്ഷ വിഭാഗക്കാരും ആണെന്നതും പരസ്യമാണ്. വധശിക്ഷാവാദികൾ കേവലം തുറന്നുകാണിക്കപ്പെട്ടിട്ടുള്ള ഒരു സന്ദർഭത്തിലാണ് അവരുടെ വാദങ്ങളെ അന്തിമമായി തകർത്തുകളഞ്ഞുകൊണ്ട് വധശിക്ഷയ്ക്കെതിരെ ദേശീയ നിയമകമ്മീഷൻ കേന്ദ്രസർക്കാറിന് റിപ്പോർട്ട് സമർപ്പിച്ചത്. ഇതിന്റെ വെളിച്ചത്തിൽ കേന്ദ്രസർക്കാർ അടിയന്തിരമായി വധശിക്ഷയ്ക്ക് മൊറട്ടോറിയം നടപ്പാക്കണം. **– വധശിക്ഷാ വിരുദ്ധ കൂട്ടായ്മ**


## കേരളീയം വരിസംഖ്യ
### അയയ്ക്കുമല്ലോ...

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ. കൂട്ടായ്മ അംഗത്വം : 10,000 രൂപ. ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് : 8000 രൂപ. ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ–680021**
ഫോൺ : 0487 2421385, 9446576943